**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1045** **06-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വംശനാശഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽക്കുത്ത്, പീച്ചി, വാഴാനി എന്നീ 8 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നത് ഉൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic catfish, കുയിൽ മത്സ്യം, വരാൽ തുടങ്ങിയവയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ ജലാശയങ്ങളിൽ തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. ആയത് കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി പട്രോളിംഗ് ഊർജിതപ്പെടുത്തിയിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്ന മഞ്ഞക്കൂരി, കുയിൽ, ചെങ്കണിയാൻ, നാടൻമുഷി, ഉളി തുടങ്ങിയ തദ്ദേശീയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ വകുപ്പിന്റെ നെയ്യാർ, പോളച്ചിറ, തളിപ്പുഴ, പീച്ചി എന്നീ ഹാച്ചറികളിൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 വർഷം 50 ലക്ഷം കുഞ്ഞുങ്ങളുടെ ഉൽപ്പാദനം ലക്ഷ്യമിടുന്നു. |
| (ബി) | മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്? വിശദമാക്കാമോ? | (ബി) | മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി. വേമ്പനാട് കായലിലെ ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണം, വർദ്ധനവ് ഇവ ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷം വേമ്പനാട് കായൽ മത്സ്യസംരക്ഷണ പദ്ധതിയ്ക്ക് 248 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. ആയതിൻപ്രകാരം കരിമീൻ പ്രജനനത്തിന് |

| | | | |
|---|---|---|---|
| | | | സഹായകരമാവുന്ന തരത്തിൽ കായലിൽ 2 ഹെക്ടർ വിസ്തൃതിയിലുള്ള 20 യൂണിറ്റ് സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളും, കറുത്ത കക്കയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി 15 യൂണിറ്റ് കക്കസംരക്ഷിത മേഖലകളും സ്ഥാപിച്ചിട്ടുണ്ട്. അഷ്ടമുടി കായലിലെ ഉൾനാടൻ മത്സ്യവിഭവ ങ്ങളുടെ സംരക്ഷണവും, വർദ്ധനവും ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷം അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതിയ്ക്കായി 95 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. ആയതിൻപ്രകാരം കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന തരത്തിൽ കായലിൽ 2 ഹെക്ടർ വിസ്തൃതിയിലുള്ള 5 യൂണിറ്റ് സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളും, കറുത്ത കക്കയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി 2 യൂണിറ്റ് കക്ക സംരക്ഷിത മേഖലകളും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ